"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും പാലക്കാട് ജില്ലാ കളക്ടറേറ്റിൽ നിയമ ഓഫീസറുമായ ശ്രീ. ആകാശ് രവിയ്ക്ക് കാസർഗോഡ് ജില്ലാ നിയമ ഓഫീസറായി സ്ഥലം മാറ്റം ലഭിച്ചതിനെത്തുടർന്ന് പുതിയ ലാവണത്തിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചുനൽകണമെന്ന അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3268/2024/GAD തീയതി,തിരുവനന്തപുരം, 20-07-2024

---

പരാമർശം:-
1. 05.07.2024 - ലെ സ.ഉ(സാധാ) നം. 3021/2024/പൊ.ഭ.വ.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 907/2024 നമ്പർ കേസിലെ 12.07.2024 - ലെ ഇടക്കാല ഉത്തരവ്.
3. നിയമ സെക്രട്ടറി മുമ്പാകെ പാലക്കാട് ജില്ലാ കളക്ടർ 18.06.2024 - ൽ നൽകിയ DCPKD/8001/2023-IA1 നമ്പർ കത്ത്.
4. ശ്രീ. ആകാശ് രവി - യുടെ 17.07.2024 - ലെ സമർപ്പണം.

**ഉത്തരവ്**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും പാലക്കാട് കളക്ടറേറ്റിൽ ജില്ലാ ലാ ഓഫീസറായി സേവനത്തിലുമുള്ള ശ്രീ. ആകാശ് രവി - യെ പരാമർശം (1) - ലെ ഉത്തരവ് പ്രകാരം കാസർഗോഡ് കളക്ടറേറ്റിലെ ലാ ഓഫീസർ തസ്തികയിൽ സ്ഥലം മാറ്റി നിയമിച്ചിരുന്നു. ഈ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM) 907/2024 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി. കാസർഗോഡ് ജില്ലാ കളക്ടറേറ്റിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ പരാതിക്കാരൻ സമർപ്പിക്കുകയാണെങ്കിൽ അപേക്ഷ ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ ആയതിൻമേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർശം (3) - ലെ ഇടക്കാല ഉത്തരവിലൂടെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം കാസർഗോഡ് കളക്ടറേറ്റിൽ ലാ ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി നീട്ടി നൽകണമെന്ന് പരാമർശം (4) പ്രകാരം പരാതിക്കാരൻ അപേക്ഷിക്കുകയുണ്ടായി.

( 2 ) 'All Kerala Anti Corruption & Human Rights Protection Council' എന്ന സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് പാലക്കാട് ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ, പാലക്കാട് ജില്ലയിലെ പുതുശ്ശേരി വെസ്റ്റ് വില്ലേജ് റീസർവ്വെ നമ്പർ 146/1 - ൽ ഉൾപ്പെട്ട ഫോർച്ച്യൂൺ മാൾ എന്ന സ്ഥാപനം നിർമ്മിക്കുന്നതിനായി പ്രൈവറ്റ് ലീസ് എഗ്രിമെന്റ് പ്രകാരം രജിസ്റ്റർ ചെയ്ത 40.48 ആർ ഭൂമിക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പാലക്കാട് (എൽ.ആർ) തഹസിൽദാർ ആയിരുന്ന ശ്രീ. വി. സുധാകരൻ, ഡെപ്യൂട്ടി കളക്ടർ (എൽ. ആർ) ആയ ശ്രീ. ബാലസുബ്രമണ്യം എൻ, ജില്ലാ നിയമ ഓഫീസർ ശ്രീ. ആകാശ് രവി എന്നിവർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്ന് പാലക്കാട് ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ടു ചെയ്തിരുന്നു. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് ഭൂരേഖ തഹസിൽദാരായ ശ്രീ. സുധാകരൻ വി - യെ 20.01.2024 - ൽ അഴിമതി നിരോധന (ഭേദഗതി) നിയമം, 2018 പ്രകാരം അറസ്റ്റ് ചെയ്തിട്ടുള്ളതായും കേസ് രജിസ്റ്റർ ചെയ്തതായും ടി ഉദ്യോഗസ്ഥനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതായും പ്രസ്തു റിപ്പോർട്ടിലുണ്ട്. പ്രൈവറ്റ് ലീസ് ഭൂമിക്ക് നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിനായി സുൽത്താൻപേട്ട മൾട്ടി പർപ്പസ് സൊസൈറ്റിയിൽ നിന്നും അഞ്ച് ലക്ഷത്തിലധികം രൂപ ടി ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതായും പാലക്കാട് ജില്ലയിലെ 15 ഏക്കറോളം വരുന്ന കുളങ്ങൾ തരംമാറ്റുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂരിലെ ഒരു പ്രമുഖ ഡെവലപറിൽ നിന്നും വലിയൊരു തുക കൈക്കൂലി വാങ്ങിയതായും ടി സംഘടന ആരോപിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലാ നിയമ ഓഫീസറായ ശ്രീ. ആകാശ് രവി - യെ തൽസ്ഥാനത്ത് നിന്നും അടിയന്തരമായി സ്ഥലം മാറ്റണമെന്ന് പരാമർശം (3) പ്രകാരം പാലക്കാട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. മാത്രമല്ല, അതീവ ഗുരുതര ആരോപണങ്ങൾ നേരിട്ട ശ്രീ. ബാലസുബ്രമണ്യം എൻ, ജില്ലാ നിയമ ഓഫീസർ ശ്രീ. ആകാശ് രവി എന്നിവർക്കെതിരെ കൂടി തുടർ നടപടികൾ സ്വീകരിക്കണമെന്ന് പാലക്കാട് ജില്ലാ കളക്ടർ വിജിലൻസിന് ശിപാർശയും നൽകിയിട്ടുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ ആകാശ് രവിയെ പാലക്കാട് കളക്ടറേറ്റിലെ നിയമ ഓഫീസർ സ്ഥാനത്തും നിന്നും സ്ഥലം മാറ്റി കാസർഗോഡ് കളക്ടറേറ്റിലെ നിയമ ഓഫീസർ തസ്തികയിൽ നിയമിക്കുന്നതിനുള്ള ഉത്തരവ് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്.

(3) മേൽ വസ്തുതകളുടെ കൂടി അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ശ്രീ. ആകാശ് രവി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. ജില്ലാ നിയമ ഓഫീസർ എന്ന വളരെ ഉത്തരവാദപ്പെട്ട സ്ഥാനം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥൻ അഴിമതിക്ക് കൂട്ട്

നിൽക്കുന്നുവെന്ന ശക്തമായ ആരാപണം നിലനിൽക്കുകയും ടി ഉദ്യോഗസ്ഥനെതിരെ നടപടിയ്ക്ക് ജില്ലാ കളക്ടർ വിജിലൻസിന് ശിപാർശ നൽകുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥൻ അതേ സ്ഥാനത്തു തന്നെ തുടരുന്ന അവസ്ഥയുണ്ടായാൽ തെളിവുകൾ നശിപ്പിക്കുന്നതിനും നടപടിയിൽ നിന്നും രക്ഷപ്പെടുന്നതിനായി സ്വാധീനം ചെലുത്താനും സാധ്യതയുണ്ട്. ആയതിനാൽ, ശ്രീ ആകാശ് രവിയെ യാതൊരു കാരണവശാലും പാലക്കാട് ജില്ലാ കളക്ടറേറ്റിൽ തുടരുന്നതിന് അനുവദിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

(4) മേൽ സാഹചര്യത്തിൽ, നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും പാലക്കാട് ജില്ലാ കളക്ടറേറ്റിൽ നിയമ ഓഫീസറുമായ ശ്രീ. ആകാശ് രവി - യ്ക്ക് കാസർഗോഡ് കളക്ടറേറ്റിലെ ജില്ലാ നിയമ ഓഫീസർ തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകണമെന്ന ടിയാന്റെ പരാമർശം (4) - ലെ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) - ലെ ഇടക്കാല ഉത്തരവ് ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ശ്രീ. ആകാശ് രവി, ജില്ലാ നിയമ ഓഫീസർ, പാലക്കാട് (നിയമ വകുപ്പ് മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 20-07-2024 11:07:32
സെക്ഷൻ ഓഫീസർ